**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 50** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ . മഞ്ഞളാംകുഴി അലി | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടുണ്ട്. 43,952 വിദ്യാർത്ഥികളെ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇവർക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും വൈദ്യുതി ഇല്ലാത്തവർക്ക് വൈദ്യുതി എത്തിക്കുന്നതിനും എന്തെല്ലാം നടപടികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ഡിജിറ്റൽ പഠനോപകരണങ്ങളുടെ ലഭ്യത, ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ അഭാവം, വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തത് തുടങ്ങിയ തലങ്ങളിലാണ് പ്രധാന വെല്ലുവിളികൾ ഉള്ളത്. പട്ടിക വർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, ടാബ് ലെറ്റ് തുടങ്ങിയ ഉപകരണങ്ങൾ പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം/ തനതു ഫണ്ടുപയോഗിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാങ്ങിനൽകേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(സാധാ)നം. 1197/2021/ തസ്വഭവ തീയതി, 23.06.2021). കൂടാതെ പുതിയ പഠനോപകരണങ്ങൾ ലഭ്യമാകുന്നതു വരെ KITE വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത ഏതാണ്ട് ഒരു ലക്ഷം പുതിയ ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് പട്ടികവർഗ മേഖലയിലുള്ള ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ (സാധാ) നം. 3134/2021/പൊവിവ തീയതി, 25.06.2021). പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകളും സ്ഥാപനങ്ങളും വിതരണം ചെയ്യുന്ന ഉപകരണങ്ങൾ അർഹരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിനും ടി പ്രവർത്തനങ്ങൾ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ തലത്തിൽ ഏകോപിപ്പിക്കുന്നതിനുമായി അസി. പ്രോജക്ട് ഓഫീസർ/അസി. ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാരെ നോഡൽ ഓഫീസർമാരായി പട്ടികവർഗ്ഗ വികസന വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠനത്തിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം |

| | | | |
|---|---|---|---|
| | | | കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദ വിവരങ്ങൾ ഐ.റ്റി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമില്ലാത്ത കോളനികളുടെ പട്ടിക അനുബന്ധം - 1 ആയി ചേർക്കുന്നു. വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത 74 കോളനികൾ നിലവിലുണ്ട്. ടി സ്ഥലങ്ങളിൽ ANERT-ന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി കോളനികളുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – 1

**ഓൺലൈൻ പഠനത്തിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത പട്ടികവർഗ്ഗ കോളനികളുടെ എണ്ണം**

| ക്രമ നം. | ജില്ല | കോളനികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 56 |
| 2 | കൊല്ലം | 15 |
| 3 | പത്തനംതിട്ട | 20 |
| 4 | കോട്ടയം | 44 |
| 5 | ഇടുക്കി | 161 |
| 6 | എറണാകുളം | 14 |
| 7 | തൃശ്ശൂർ | 24 |
| 8 | പാലക്കാട് | 92 |
| 9 | മലപ്പുറം | 85 |
| 10 | കോഴിക്കോട് | 44 |
| 11 | കാസർഗോഡ് | 50 |
| 12 | വയനാട് | 294 |
| 13 | കണ്ണൂർ | 135 |
| **ആകെ** | | **1034** |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 2

വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത കോളനികളുടെ പട്ടിക

| ക്രമ നം. | ജില്ല | കോളനികളുടെ എണ്ണം |
|---|---|---|
| 1 | വയനാട് | 19 |
| 2 | ഇടുക്കി | 33 |
| 3 | എറണാകുളം | 5 |
| 4 | പാലക്കാട് | 17 |
| ആകെ | | 74 |

സെക്ഷൻ ഓഫീസർ